# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T-3876

25.06.2013 ൽ മറുപടിക്ക്

## അക്ഷയ കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. മമ്മൂട്ടി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചതെന്നാണെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | 2002 നവംബർ 18 ന് മലപ്പുറം ജില്ലയിലാണ് പൈലറ്റ് പ്രോജക്ടായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചത്. ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരത നൽകുകഎന്നതായിരുന്നു അക്ഷയയുടെ ലക്ഷ്യം. ഇപ്പോൾ സർക്കാർ-സർക്കാരിതര സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തി പരമാവധി വേഗത്തിലും കാര്യക്ഷമതയോടെയും കൈയെത്താവുന്ന അകലത്തിൽ ജനങ്ങൾക്കെത്തിക്കുക എന്നതാണ് അക്ഷയ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. |
| (ബി) പൊതുജന സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിലൂടെ സ്വകാര്യ വൽക്കരിക്കപ്പെടുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സാധാരണക്കാർക്ക് താങ്ങാനാവും വിധം ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | അക്ഷയ സംരംഭകരുടെ മൂലധന ചിലവ് കണക്കിലെടുത്ത് തികച്ചും ന്യായമായ നിരക്കാണ് ഈടാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | അക്ഷയ കേന്ദ്രങ്ങൾ നിലവിൽ വന്ന ശേഷവും വില്ലേജ് ഓഫീസുകളിലും മറ്റും സാധാരണക്കാരന് നേരിട്ടെത്തി അപേക്ഷ നൽകുന്ന പഴയ സംവിധാനം നിലവിലുണ്ടോ ;ഇല്ലെങ്കിൽ, ആയത് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അക്ഷയ കേന്ദ്രങ്ങൾ നിലവിവൽ വന്നതിന് ശേഷവും വില്ലേജ് ഓഫീസുകളിൽ നേരിട്ടത്തി അപേക്ഷ നൽകുന്ന പഴയ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.